കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് - ജനകീയാസൂത്രണം-വികലാംഗർക്ക് സ്കൂട്ടർ വിത്ത് സൈഡ് വീൽ വിതരണം- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ(സാധാ)നം: 737/2012/തസ്വഭവ തിരുവനന്തപുരം, തീയതി: 12/3/2012**

---

പരാമർശം:- 1. കൊല്ലം ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ 17/9/2011-ലെ എ6-1350/11 നമ്പർ കത്ത്.

2. വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 29/2/12-ലെ തീരുമാനം ഇനം. 2.8.

**ഉത്തരവ്**

കൊല്ലം ജില്ലാപഞ്ചായത്തിന്റെ 2011-12 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള ജില്ലയിലെ നടക്കാൻ കഴിയാത്ത വിധം അംഗവൈകല്യം ബാധിച്ച വികലാംഗർക്ക് നൽകുന്നതിന് 'സ്കൂട്ടർ വിത്ത് സൈഡ് വീൽ' എന്ന പദ്ധതിയ്ക്ക് അംഗീകാരം നൽകണമെന്ന് പരാമർശം (1) പ്രകാരം കൊല്ലം ജില്ലാപഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു. വികലാംഗർക്ക് ട്രൈ സൈക്കിൾ എന്ന ഉപകരണത്തെക്കാളേറെ സ്കൂട്ടർ വിത്ത് സൈഡ് വീൽ പ്രയോജനകരമാവും എന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് മേൽ പ്രോജക്റ്റ് തയ്യാറാക്കിയിട്ടുള്ളത്.

29/2/12-ന് ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ വികലാംഗരായവർക്ക് സ്കൂട്ടർ വിത്ത് സൈഡ് വീൽ വിതരണം ചെയ്യുന്ന പദ്ധതികൾ പരിഗണനാർഹമായിരിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**ജെയിംസ് വർഗ്ഗീസ്**

ഗവ.പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും
എല്ലാ ജില്ലാപഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും

(.... 2)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ) തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, (LBA&A), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ജില്ലാ ആസൂത്രണ സമിതി, തിരുവനന്തപുരം

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ